"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കുടിവെള്ളം - കോഴിക്കോട് ജില്ല - താമരശ്ശേരി ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ 2020 ഏപ്രിൽ 3 മുതൽ 2020 ജൂൺ 3 വരെ കുടിവെള്ളം വിതരണം - അധികമായി ചെലവായ 9,02,000/- രൂപ താമരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt)No.2967/2022/LSGD തീയതി,തിരുവനന്തപുരം, 01-12-2022

---

പരാമർശം:- 1. സ.ഉ (സാധാ) നം.494/2020/തസ്വഭവ തീയതി 27/02/2020

2. പഞ്ചായത്ത് ഡയറക്ടറുടെ 26/10/2022 തീയതിയിലെ PAN/12885/2020.G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മേൽ സൂചന 1-ലെ ഉത്തരവ് പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ ഗ്രാമ പഞ്ചായത്തുകളിൽ 01/04/2020 മുതൽ 31/05/2020 വരെ ₹11 ലക്ഷം ചിലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നു. താമരശ്ശേരി ഗ്രാമ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടതിനാൽ ഗ്രാമ പഞ്ചായത്തിൽ 2020 ഏപ്രിൽ 3 മുതൽ 2020 ജൂൺ 3 വരെ കുടിവെള്ളം വിതരണം ചെയ്ത വകയിൽ 20,02,000/- രൂപ ചെലവായിട്ടുണ്ടെന്നും സർക്കാർ അനുമതിയിൽ അധികമായി ചെലവഴിച്ച തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

2. താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ 2020 വർഷത്തിലെ ഏപ്രിൽ, മെയ് മാസങ്ങളിൽ അത്യന്തം രൂക്ഷമായ വരൾച്ചയായിരുന്നു അനുഭവപ്പെട്ടിരുന്നതെന്നും കൂടാതെ 2020 ലെ വരൾച്ചാ കാലത്തു കോവിഡ് -19 മൂലം ലോക്ഡൗൺ ആയതിനാൽ വരൾച്ചാ ബാധിത പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലെയും ആൾക്കാർ വീട്ടിൽ തന്നെ കഴിഞ്ഞതിനാൽ കുടിവെള്ളത്തിന്റെ ആവശ്യകത മുൻവർഷത്തേക്കാളും വർദ്ധിച്ചിരുന്നു എന്നും ആയതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന തുകയെക്കാളും 9,02,000/- രൂപയുടെ അധിക ചെലവ് വന്നിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ 2020 ഏപ്രിൽ 3 മുതൽ 2020 ജൂൺ 3 വരെ കുടിവെള്ളം വിതരണം ചെയ്ത വകയിൽ അധികമായി ചെലവായ തുകയായ 9,02,000/- (ഒൻപതു ലക്ഷത്തി രണ്ടായിരം )രൂപ താമരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ

നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
JOINT SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2/എ&ഇ) കേരള എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ